# First Meeting of the National Coordination Committees of India and Uzbekistan on implementation of joint projects

August 24, 2020

---

## സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പിനായുള്ള ഇന്ത്യ ഉസ്ബെക്കിസ്ഥാൻ ദേശീയ ഏകോപന സമിതികളുടെ ആദ്യ സമ്മേളനം

ഓഗസ്റ്റ് 24, 2020

ഇന്ത്യയും ഉസ്ബെക്കിസ്താനും തമ്മിൽ പരസ്പര ധാരണയിൽ തീരുമാനിക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളുടെ നിരീക്ഷണത്തിനായുള്ള ദേശീയ ഏകോപന സമിതികളുടെ ആദ്യ യോഗം 2020 ഓഗസ്റ്റ് 24 നു പ്രധാനമന്ത്രി ശ്രി നരേന്ദ്ര മോദിയുടെയും പ്രസിഡണ്ട് ശ്രി ഷൗക്കത്ത്മിർസിയോയെവിന്റെയും മേൽനോട്ടത്തിൽ ആഭ്യന്തര സഹമന്ത്രി ശ്രീ വി മുരളിധരൻ,ഉസ്ബെക്കിസ്ഥാൻ ഉപപ്രധാനമന്ത്രിയും വിദേശവ്യാപാര നിക്ഷേപ വകുപ്പ് മന്ത്രിയായ ശ്രീ സർദോർ ഉമർസാക്കോവ് എന്നിവയുടെ സഹ അധ്യക്ഷതയിൽ നടന്നു.

ഉഭയകക്ഷി നിക്ഷേപ ഉടമ്പടി തീരുമാനിക്കുന്നതി മുൻപുള്ള ചർച്ചയുടെ സ്ഥിഗതികൾ, മുൻഗണന വ്യാപാര കരാർ, ഇരു രാജ്യങ്ങളിലെയും കാർഷിക ഉൽപന്നങ്ങൾക്കുള്ള വിപണിയുടെ പരസ്പര ലഭ്യത, ഇന്ത്യ ക്രെഡിറ്റ് ലൈനിനു കീഴിലുള്ള തിരഞ്ഞെടുത്ത പ്രോജക്ടുകളുടെ നടത്തിപ്പ്, ഗുജറാത്ത് സംസ്ഥാനവും ഉസ്ബെക്കിസ്ഥാനിലെ ആന്റിജേൻ പ്രവിശ്യയും തമ്മിലുള്ള സഹകരണം കൂടാതെ റ്റാഷ്കെന്റിലെ ഇന്ത്യ -ഉസ്ബെക്കിസ്ഥാൻ സംരംഭകത്വ വികസന കേന്ദ്രം എന്നിവയുൾപ്പെടെ ഉഭയകക്ഷി സാമ്പത്തിക വ്യാപാര കോപ്പറേഷന്റെ നടന്നുകൊണ്ടിരിക്കുന്നതും പദ്ധതികളിൽ ഉള്ളതുമായ എല്ലാ പ്രവർത്തങ്ങളും ഇരു വിഭാഗങ്ങളും സമഗ്രമായി വിശകലനം ചെയ്തു.

വിവിധ പ്രോജക്ടുകളിൽ നേടിയ പുരോഗതിയിൽ സഹ അധ്യക്ഷന്മാർ സംതൃപ്തി പ്രകടിപ്പിച്ചു കൂടാതെ പ്രോജക്ടുകൾ വേഗത്തിൽ പൂർത്തിയാക്കുന്നത് ഇരു വിഭാഗങ്ങളും തമ്മിലുള്ള വ്യാപാരവും നിക്ഷേപങ്ങളും കൂടുതൽ ശക്തിപ്പെടുത്തുമെന്ന് അവർ പ്രത്യാശ പ്രകടിപ്പിച്ചു. ഇരു വിഭാഗത്തിനും സൗകര്യപ്രദമാകുന്ന അവസരത്തിൽ ഇന്ത്യ സന്ദർശിക്കുന്നതിനും വിദേശകാര്യ സഹമന്ത്രി ശ്രീ വി മുരളീധരൻ , ഉപപ്രധാനമന്ത്രി ശ്രീ ഉമർസാക്കോവിനെ ക്ഷണിച്ചു.

**ന്യൂ ഡൽഹി**
**24 ഓഗസ്റ്റ്, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.